മധുരമായ കുട്ടികളേ, ആത്മാവിന് ഏത് വരെ പാര്ട്ടുണ്ടോ അതുവരെ അതിന് 100 ശതമാനം വിശ്രമം ലഭിക്കില്ല. വിശ്രമം ലഭിക്കുന്നത് നിര്വ്വാണധാമത്തിലാണ്,അവിടെ യാതൊരു പാര്ട്ടും ഇല്ല.

ചോദ്യം :- പഠിത്തത്തില് മുന്നോട്ട് പോകുമ്പോള് ക്ഷീണിച്ചുപോകുന്ന കുട്ടികള്ക്ക് പിന്നീട് വികല്പമായിത്തീരുന്ന ഏതൊരു സങ്കല്പമാണ് ഉണ്ടാകുന്നത് ?

ഉത്തരം :- 1. ബാബയെ ഉപേക്ഷിക്കുവാന്, അതായത് വിട്ട് പോകണം എന്ന സങ്കല്പം അവരില് ഉണ്ടാകുന്നു. ബാബ പറയുന്നു- ഈ സങ്കല്പവും വികല്പമാണ്. അങ്ങനെ സങ്കല്പിക്കുന്നതും പാപമാണ്. പഠിപ്പ് പഠിക്കാതിരിക്കുക എന്നതിന്റെ അര്ത്ഥം തന്നെ ക്ഷീണിച്ച് പോവുക എന്നാണ്. അങ്ങനെയുള്ള കുട്ടികള് തന്റെ ഭാഗ്യം നഷ്ടപ്പെടുത്തുന്നു. 2. അഥവാ ഏതെങ്കിലും കാരണത്താല് ആരെങ്കിലും മാതാ-പിതാവിനോട് പിണങ്ങുകയാണെങ്കില് അവര് 21 ജന്മങ്ങളിലെ ചക്രവര്ത്തി പദവി നഷ്ടപ്പെടുത്തുന്നു.

ഗീതം :- മനുഷ്യര് ഇന്ന് അന്ധകാരത്തിലാണ്......

ഓംശാന്തി. ഇത് ഭക്തിയിലെ ഗീതം അഥവാ പ്രാര്ത്ഥനയാണ്. ആരോടാണ് പ്രാര്ത്ഥിക്കുന്നത് ? ഭഗവാനോട്. എന്നാല് ഘോരമായ അന്ധകാരമായത് കാരണം ഭഗവാനെ അറിയുന്നില്ല. ആരാണ് കേള്ക്കുന്നത്? ഭഗവാന് അവരുടെ വിളി എപ്പോള് കേള്ക്കുന്നുവോ അപ്പോള് വന്ന് ജ്യോതി തെളിയിക്കുന്നു. പക്ഷേ കുട്ടികള് ഭഗവാനെ അറിയുന്നതേയില്ല പിന്നെ എങ്ങനെ കേള്ക്കും? ഇപ്പോള് നിങ്ങള് സന്മുഖത്തിരിക്കുകയാണ്, ഭഗവാന് നിങ്ങളെ ഘോരമായ അന്ധകാരത്തില് നിന്നും പ്രകാശത്തിലേയ്ക്ക് കൊണ്ട് പൊയ്ക്കൊണ്ടിരിക്കുന്നു. ബ്രഹ്മാവിന്റെ രാത്രിയെന്നും ബ്രഹ്മാവിന്റെ പകല് എന്നും പാടുന്നുണ്ട്. രാത്രിയില് വാതിലുകള് തോറും പോയി വളരെയധികം അലയുന്നു. പര്വ്വതങ്ങളിലും ക്ഷേത്രങ്ങളിലും മസ്ജിദുകളിലുമൊക്കെ പോകുന്നു. എന്നാല് ഭഗവാനെ എവിടെ നിന്നും ലഭിക്കും? ഭഗവാന്റെ ജന്മവും ഭാരതത്തിലാണ് ആഘോഷിക്കുന്നത്. ശിവരാത്രിയെന്ന് പറയുന്നുണ്ടല്ലോ. സത്യത്തില് ആ ഭഗവാന്റെ ഓര്മ്മചിഹ്നങ്ങളായ പ്രതിമകളും ഭാരതത്തിലാണുള്ളത്. എന്നാല് ആ ഭഗവാന് എപ്പോഴാണ് വന്നത് എന്ന് അറിയുന്നില്ല, തികച്ചും ഘോരമായ അന്ധകാരത്തിലാണ്. ഇപ്പോള് നിങ്ങള് ഘോരമായ അന്ധകാരത്തില് അല്ല. നിങ്ങള് നമ്പര്വാര് പുരുഷാര്ത്ഥം അനുസരിച്ച് വെളിച്ചത്തിലേയ്ക്ക് വരുകയാണ്. മുഴുവന് സൃഷ്ടിയുടെയും രചന ആര് എപ്പോഴാണ് ചെയ്യുന്നത് എന്ന് നിങ്ങള് കുട്ടികള്ക്കറിയാം.

നിങ്ങള് ഇവിടെ വന്നിരിക്കുകയാണ് - ഈശ്വരീയ വിശ്വവിദ്യാലയത്തില് , ഇവിടെ ഈശ്വരനാണ് പഠിപ്പിക്കുന്നത്, മനുഷ്യനില് നിന്നും ദേവതയാക്കുന്നു. ഈ ജ്ഞാനം നമ്പര്വാര് അനുസരിച്ചാണ് നിങ്ങളും മനസ്സിലാക്കുന്നത്. ചിലര് നല്ല രീതിയില് മനസ്സിലാക്കുന്നുണ്ട്, പൂര്ണ്ണമായും മനസ്സിലാക്കാത്തവര് ഉപേക്ഷിച്ച് പോകുന്നു, മാതാപിതാവിനോട് പിണങ്ങുന്നു. ആശ്ചര്യം തോന്നുമാറ് മാതാ പിതാക്കളോട് പിണങ്ങുന്നു എന്ന് പറയുന്നത് അവരെകുറിച്ചാണ്. മാതാപിതാവില് നിന്നും നമുക്ക് 21 ജന്മത്തേയ്ക്ക് സ്വര്ഗ്ഗത്തിന്റെ ചക്രവര്ത്തി പദവി ലഭിക്കുന്നു, എന്നിട്ടും മറന്ന് പോകുന്നു. ബാബ പറയുന്നു - എന്തിനെയാണോ ശാന്തി എന്ന് പറയുന്നത് അത് ലഭിക്കുന്നത് ശാന്തിധാമത്തില് നിന്നും അഥവാ നിര്വ്വാണധാമത്തില് നിന്നും തന്നെയാണ്,അതിനെ മുക്തിധാമം എന്നും പറയുന്നു. അഥവാ ആരെങ്കിലും, നമ്മള് 100 ശതമാനവും വിശ്രമത്തിലാണ് എന്ന് പറയുന്നു എങ്കിലും അത് ശരിയല്ല. ദിവസം മുഴുവന് ഏതെങ്കിലുമൊക്കെ കര്മ്മങ്ങള് തീര്ച്ചയായും ചെയ്യുന്നുണ്ട്. അതെ,കുറച്ച് നേരത്തേയ്ക്ക് രാത്രിയില് ഉറങ്ങുന്നതിനെ വിശ്രമിക്കുന്നു എന്ന് പറയാം കാരണം ആത്മാവ് പറയുന്നു ഞാന് ദിവസം മുഴുവന് ജോലി ചെയ്ത് ക്ഷീണിച്ച് പോയി, ഇപ്പോള് വിശ്രമിക്കുകയാണ്. സ്വയത്തെ വേര്പെടുത്തുന്നു. ഇതും അറിയുന്നുണ്ട് - ബാബ വസിക്കുന്നത് ശാന്തി - ദേശത്തിലാണ് അഥവാ പരംപിതാ പരമാത്മാവ് അവിടെ വിശ്രമിക്കുന്നു എന്ന് മനസ്സിലാക്കുന്നുണ്ട്. പരമാത്മാവിന് പാര്ട്ട് ഇല്ലാത്തപ്പോഴാണ് വിശ്രമിക്കുന്നത്. മുക്തിധാമത്തില് യാതൊരു കര്മ്മവും ചെയ്യുന്നില്ല. ഇത് വളരെയധികം മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. ഇപ്പോള് നിങ്ങളുടെ ബുദ്ധിയുടെ പൂട്ട് തുറക്കുന്നു. ബാബ ചോദിക്കുന്നു, നിങ്ങള്ക്കറിയാമോ ഞാന് എപ്പോഴാണ് വിശ്രമിക്കുന്നത് എന്ന്? നിങ്ങള് കുട്ടികള് സ്വര്ഗ്ഗത്തിലായിരിക്കുമ്പോള്, സുഖത്തിലായിരിക്കുമ്പോള്. അവിടെ നിങ്ങള്ക്ക് സുഖവും ശാന്തിയുമുണ്ട്.

അതിനെ വിശ്രമം എന്ന് പറയില്ല. നിങ്ങള്ക്ക് ഒരു പാര്ട്ടും ഇല്ലാതിരിക്കുമ്പോഴാണ് വിശ്രമിക്കുന്നത് എന്ന് പറയുന്നത്. നിങ്ങള് സ്വര്ഗ്ഗത്തിലായിരിക്കുമ്പോള് എനിക്ക് യാതൊന്നും പരിശ്രമിക്കേണ്ടി വരുന്നില്ല. ഞാന് അവിടെ (വീട്ടില്) ശാന്തമായിരിക്കുന്നു, ശാന്തിയെ മറ്റൊരു പേരില് വിശ്രമം എന്ന് പറയുന്നു. ഇവിടെ വിശ്രമിക്കുവാന് സാധിക്കില്ല. ആത്മാവ് പറയുന്നു - രാത്രിയില് ഉറങ്ങുമ്പോഴാണ് ഞാന് വിശ്രമിക്കുന്നത്, ആ സമയം വിശ്രമിക്കുകയോ ശാന്തമായിരിക്കുകയോ ചെയ്യുന്നു - കാര്യം ഒന്ന് തന്നെ. രാത്രിയില് അശരീരിയായിത്തീരുന്നു, ശാന്തമായിരിക്കുന്നു. പിന്നെ എഴുന്നേറ്റ് കഴിഞ്ഞാല് കര്മ്മത്തില് വരുന്നു പിന്നെ വിശ്രമമേയില്ല. കര്മ്മം ചെയ്യുമ്പോള് അശാന്തി അനുഭവപ്പെടുന്നു. സത്യയുഗത്തില് അശാന്തമാകുന്നതിന്റെ ചോദ്യമേ ഇല്ല, അശാന്തമാക്കുന്നത് മായയാണ്. നമ്മള് വിശ്രമിക്കുകയാണ് എന്ന് അവിടെ ഒരിയ്ക്കലും പറയില്ല. കാര്യങ്ങള് എല്ലാം ചെയ്യുന്നുണ്ട് പക്ഷേ അശാന്തമാകുന്നില്ല. വിശ്രമം എന്ന വാക്ക് തന്നെ ഉണ്ടായിരിക്കില്ല. ചിലര് പറയാറുണ്ട് ഞങ്ങള് സിംലയില് വിശ്രമത്തിനായി പോകുന്നു എന്ന്, എന്നാല് അതിന് യാതൊരു അര്ത്ഥവും ഇല്ല. നമ്മള് എപ്പോഴാണോ നിര്വ്വാണധാമത്തില് വസിക്കുന്നത് അപ്പോഴാണ് സത്യമായ ശാന്തിയുണ്ടാകുന്നത്, അവിടെ ശാന്തമായിരിക്കുന്നു. അല്ലാതെ മറ്റാര്ക്കും വിശ്രമം ഇല്ല. ചിലര് പറയാറുണ്ട് നമ്മള് 100 ശതമാനം ശാന്തമാണ് എന്ന് എന്നാല് ഇത് തെറ്റാണ്. ഇതിനെ അജ്ഞാനം എന്നാണ് പറയുന്നത്.പഠിത്തം പഠിക്കുവാന് ആഗ്രഹിക്കുന്നില്ല അതുകൊണ്ടാണ് വിശ്രമിക്കുന്നത് എന്ന് പറയാറ്. പഠിക്കാതിരിക്കുക,വിശ്രമിക്കുക ഇതിന്റെ അര്ത്ഥം ക്ഷീണിച്ച് പോയി എന്നാണ്.തന്റെ തന്നെ ഭാഗ്യം നഷ്ടപ്പെടുത്തുന്നു. മനസ്സിലാക്കി തരുന്നു - അല്ലയോ രാത്രിയിലെ യാത്രക്കാരാ, സ്വര്ഗ്ഗത്തിലേയ്ക്കുള്ള വഴിയിലൂടെ പോകെ പോകെ ക്ഷീണിച്ച് പോകരുത്,പിണങ്ങുകയുമരുത്. അമ്മയേയും അച്ഛനേയും ഉപേക്ഷിക്കുവാനുള്ള സങ്കല്പം പോലും ഉണ്ടാകരുത്. ഈ സങ്കല്പം ഉണ്ടാവുകയാണെങ്കില് അതിനെ വികല്പം എന്നാണ് പറയുന്നത്. സ്വര്ഗ്ഗത്തിന്റെ രാജ്യപദവി നല്കുന്ന അമ്മയേയും അച്ഛനേയും കുറിച്ച് അങ്ങനെയുള്ള സങ്കല്പം പോലും എന്തുകൊണ്ടാണ് ഉണ്ടാകുന്നത്! ഉപേക്ഷിക്കാം, ഒന്നും മനസ്സിലാകുന്നില്ല, ഇടയ്ക്കിടയ്ക്ക് അങ്ങനെയുള്ള സങ്കല്പങ്ങളും വരുന്നുണ്ട് എന്ന് എഴുതുന്നു. ഇത് മനസ്സിലാക്കേണ്ട സമയമല്ലേ. മനസ്സിലാക്കുക അര്ത്ഥം പഠിക്കുക, നമ്മള് പഠിച്ച് കൊണ്ടിരിക്കുകയാണ് എന്ന് നിങ്ങള്ക്കറിയാം. ജ്ഞാന സാഗരനായ പരംപിതാ പരമാത്മാവാണ് ഉയര്ന്നതിലും ഉയര്ന്നത് ആ പരമാത്മാവിനെ ആരും അറിയുന്നില്ല. എന്നാല് ബ്രഹ്മാ വിഷ്ണു ശങ്കരന് അഥവാ ലക്ഷ്മീ നാരായണനെ അറിയുന്നുണ്ട് പക്ഷേ ലക്ഷ്മീ നാരായണന് എപ്പോഴാണ് രാജ്യം നേടിയത്, ആരാണ് നല്കിയത് എന്നതിനെ കുറിച്ച് ഭാരതവാസികള് അറിയുന്നില്ല. മായ ഘോരമായ അന്ധകാരത്തിലേയ്ക്ക് തള്ളിയിട്ടിരിക്കുകയാണ്. ബാബ വന്ന് മനസ്സിലാക്കി തരുന്നു - രചയിതാവായ ബാബ എങ്ങനെയാണ് മനുഷ്യ സൃഷ്ടി രചിക്കുന്നത് ? ഇത് ആരും അറിയുന്നില്ല. ബാബ തന്നെയാണ് മനസ്സിലാക്കി തരുന്നത്, പ്രജാപിതാ ബ്രഹ്മാവിനെ ക്രിയേറ്റര് എന്ന് പറയില്ല. എന്നാല് പ്രജാപിതാവ് എന്ന് പറയുന്നു, പക്ഷേ അദ്ദേഹം രചയിതാവ് അല്ല. മനുഷ്യര് പറയുന്നത് നമുക്ക് അള്ളാഹുവാണ് ജന്മം നല്കിയത് എന്നാണ്. നിരാകാരനായ അച്ഛനെ തന്നെയാണ് രചയിതാവ് എന്ന് പറയുന്നത്. രചയിതാവായ അച്ഛനെ മനുഷ്യന് തന്നെയാണ് അറിയുന്നത്, മൃഗങ്ങളൊന്നും അറിയുന്നില്ല. നമ്മളെ പരമാത്മാവാണ് രചിച്ചത് എന്ന് മൃഗങ്ങള് പറയില്ല. മനുഷ്യര് പറയുന്നത് നമ്മളെ ഭഗവാനാണ് രചിച്ചത് എന്നാണ്. ബാബ മനസ്സിലാക്കി തരുന്നു - നിങ്ങള് നോക്കു ഈ രചന എങ്ങനെയാണ് രചിച്ചത്? ആദ്യമാദ്യം മുഖവംശാവലികളുടെ രചനയാണ് നടക്കുന്നത്. കുട്ടികള് വലുതായി പിന്നെ അച്ഛനാകുന്നു. ഈ പരിധിയില്ലാത്ത അച്ഛന് പറയുന്നു - അല്ലയോ ആത്മാവേ, നിങ്ങള് എന്റേതാണ്, ഞാന് നിങ്ങളുടെ അച്ഛനാണ്. ഇദ്ദേഹത്തിലൂടെ നിങ്ങള് കുട്ടികളെ രചിക്കുന്നു. നിങ്ങള് മുഖവംശാവലികളാണ്.അജ്ഞാന കാലത്തിലും പറയാറുണ്ടല്ലോ ഇങ്ങനെ,എന്താണെങ്കിലും എങ്ങനെയാണെങ്കിലും എന്റേത് തന്നെയാണ്. ബാബയും അങ്ങനെ പറയുകയാണ്. നിങ്ങള് ബ്രഹ്മാവിന്റെ കുട്ടികളാവുകയാണ്. ഇപ്പോള് നിങ്ങള് മുഖവംശാവലികളാണ് പിന്നെ നിങ്ങള് ശരീരവംശാവലികളും ആകുന്നു. ബാബ പറയുന്നു നിങ്ങള് എന്റേതാണ് പിന്നെ നിങ്ങള് ദൈവീക കുടുംബത്തിലേയ്ക്ക് പോകും. ബാബ ഈ ഈശ്വരീയ രചന എങ്ങനെയാണ് രചിക്കുന്നത് - ഇത് ആര്ക്കും മനസ്സിലാക്കുവാന് സാധിക്കില്ല. ബാബ പറയുന്നു ഇദ്ദേഹവും (ബ്രഹ്മാവ്) പറയുന്നത് ഞാനും മുഖവംശാവലിയാകുന്നു എന്നാണ്. അച്ഛനോടൊപ്പം തീര്ച്ചയായും അമ്മയും വേണം. നിങ്ങള് പറയുന്നു നമ്മള് പ്രജാപിതാ ബ്രഹ്മാവിന്റെ മുഖവംശാവലികളാണ്, ശിവബാബ നമ്മളെ തന്റേതാക്കി മാറ്റി. ബാബയ്ക്ക് ശരീരം വേണമല്ലോ അല്ലേ. ശിവബാബയ്ക്ക് ശരീരം ഇല്ല. ശരീരം ലോണ് എടുക്കുന്നു. എന്നിട്ട് പറയുന്നു നിങ്ങള് എന്റേതാണ്, ഇതിനെയാണ് മുഖവംശാവലി എന്ന് പറയുന്നത്. ശിവബാബ ഈ മുഖത്തിലൂടെ, ഈ പതിയിലൂടെ പറയുന്നു നിങ്ങള് എന്റെ കുട്ടികളാണ്. ബാബ തന്നെയാണ് മനസ്സിലാക്കി തരുന്നത് ശാസ്ത്രങ്ങളിലൊന്നും ഈ കാര്യങ്ങള് ഇല്ല. നിങ്ങള്

ഇപ്പോള് കേള്ക്കുകയാണ് പിന്നെ പ്രായലോപപ്പെട്ട് പോകും.

ഈ സമയം ഘോര അന്ധകാരമാണ്. ബാബ വന്ന് പ്രകാശിപ്പിക്കുന്നു, അപ്പോഴാണ് പാടപ്പെടുന്നത് ബ്രഹ്മാവിന്റെ രാത്രി ,ബ്രഹ്മാവിന്റെ പകല്. എന്തെങ്കിലും ഉണ്ടാകുമല്ലോ. പാടുന്നു, അസത്യം തന്നെ അസത്യം ,സത്യത്തിന്റെ കണിക പോലും ഇല്ല. പക്ഷേ ബാബ പറയുന്നു-പ്രളയമൊന്നും ഉണ്ടാകുന്നില്ല, കുറച്ച് അവശേഷിക്കുന്നു. അല്പം ഉണ്ടായിരിക്കും, പിന്നീട് വൃക്ഷം വൃദ്ധി പ്രാപിയ്ക്കും. മനുഷ്യര് പിന്നീട് മഹാപ്രളയം കാണിക്കുന്നു. പക്ഷേ മഹാപ്രളയം ഒരിക്കലും ഉണ്ടാകുന്നില്ല. സാഗരത്തിലൂടെ ആലിലയില് കുട്ടി ഒഴുകി വന്നു, അങ്ങനെ ഒന്നും ഇല്ല, ഇതെല്ലാം വെറും കെട്ടുകഥയാണ്. ബാബ മനസ്സിലാക്കി തരുന്നു എപ്പോഴാണോ നിങ്ങള് ഗര്ഭ കൊട്ടാരത്തില് നിന്നും വരുന്നത് അപ്പോള് ആനന്ദത്തോടെ വസിച്ചിരുന്നു. അവിടെ ദു:ഖം ,പാപകര്മ്മം ഒന്നും തന്നെ ഇല്ല. അത് പുണ്യാത്മാക്കളുടെ ലോകം, ഇത് പാപത്തിന്റെ ലോകം . ഇവിടെ എല്ലാം ത്യാഗം ചെയ്ത് നിങ്ങള് സദാ പുണ്യാത്മാവ് ആകുന്നു. നിങ്ങള് ഇത്രയും പുണ്യം ചെയ്യുന്ന അതായത് അരകല്പം നിങ്ങളെ ആരും പാപാത്മാവ് എന്നു പറയില്ല. നിങ്ങള് അവിനാശി പുണ്യ ആത്മാവായി മാറുന്നു. ഇവിടെ പിന്നീട് അരകല്പം പാപാത്മാവ് എന്നു പറയും. ഇടയ്ക്കിടയ്ക്ക് ദാന-പുണ്യം ചെയ്യുന്നു. ഭാരതത്തെ പൂര്ണ്ണമായും ധര്മ്മാത്മാക്കളുടെ രാജ്യം എന്നു പറയുന്നു. ഭാരതത്തില് ദാന -പുണ്യം ചെയ്യുന്നു. നിങ്ങള് അറിയുന്നുണ്ട് ഈ ലോകത്തെ നമ്മള് ഉപേക്ഷിക്കുന്നു, പിന്നീട് വരില്ല. പുതിയ ലോകത്തിലേയ്ക്ക് വേണ്ടി ഈ ലോകത്തിലെ സാധനങ്ങള് നിങ്ങള് ട്രാന്സ്ഫര് ചെയ്യുന്നു. മനുഷ്യര് ഈശ്വരാര്പ്പണം ചെയ്യുന്നു അര്ത്ഥം അടുത്ത ജന്മത്തേയ്ക്ക് വേണ്ടി ട്രാന്സ്ഫര് ചെയ്യുന്നു.ഇവിടെ 21-ജന്മത്തേയ്ക്ക് വേണ്ടി നിങ്ങള് ട്രാന്സ്ഫര് ചെയ്യുന്നു. അപ്പോള് വളരെ വേണമല്ലോ. നിങ്ങളുടെ മുഴുവന് അഴുക്കും എടുത്ത് പുതിയത് നല്കുന്നു. പഴയത് എടുത്ത് സ്വര്ണ്ണത്തിന്റേത് നല്കുന്നു. നിങ്ങള് സത്യതയോടെ ബാബയ്ക്ക് നല്കുന്നു, ബാബയും നിങ്ങള്ക്ക് എല്ലാം നല്കുന്നു. എല്ലാവരും ഗൃഹസ്ഥം ഉപേക്ഷിച്ചു, നിങ്ങളുടെ പാര്ട്ട് ഏതൊന്നാണോ നടന്നുവന്നത് -അത് ഡ്രാമയില് ഉള്ളതായിരുന്നു. ഇല്ലായെങ്കില് ഗോശാല എങ്ങനെ ഉണ്ടാകും? ചൂള എങ്ങനെ ഉണ്ടാക്കുന്നു, മനുഷ്യര് അറിയുന്നതേയില്ല. അവര് പിന്നെ കാണിക്കുന്നു- ചൂളയില് പൂച്ചക്കുട്ടിയെയും മറ്റും.

ഇപ്പോള് നിങ്ങള്ക്ക് ഈ എല്ലാ ജ്ഞാനവും ഉണ്ട് .പിന്നീട് അവിടെ ഈ ജ്ഞാനം ഉണ്ടായിരിക്കില്ല. നമ്മള് അങ്ങനെ 21-ജന്മം രാജ്യം ഭരിക്കും പിന്നീട് വീഴും -ഈ ജ്ഞാനം അവിടെ ഉണ്ടായിരിക്കില്ല. ത്രികാലദര്ശിയുടെ പാര്ട്ട് ഇപ്പോഴാണ് നിങ്ങള്ക്ക് ഉള്ളത്. മുഖ്യ ഹീറോ-ഹീറോയിന്റെ പാര്ട്ടും നിങ്ങള്ക്കാണ്. വേറെ ആര്ക്കും ആ പാര്ട്ടില്ല. അസുരനില് നിന്നും ദേവത, പിന്നീട് ദേവതയില് നിന്നും അസുരനാകുന്നതും നിങ്ങള് ഭാരതവാസികളാണ് വേറെ ആര്ക്കും ആ പാര്ട്ടില്ല. അസുരനില് നിന്നും ദേവത , പിന്നീട് ദേവതയില് നിന്നും അസുരനാകുന്നതും നിങ്ങള്ഭാരതവാസികളാണ്. ബാക്കിയെല്ലാവരും ഇടയ്ക്ക് വന്നവരാണ്. നാടകത്തിനിടയ്ക്കും തമാശയുടെ ഭാഗം ഉണ്ടല്ലോ. അരകല്പത്തിനു ശേഷം ദേവീ-ദേവതാ ധര്മ്മം ഇല്ലതാകുന്നു. നിങ്ങളുടെ ബുദ്ധിയില് ഈ മുഴുവന് ചക്രവും കറങ്ങികൊണ്ടിരിക്കണം അപ്പോള് നിങ്ങള്ക്ക് മനസ്സിലാക്കി കൊടുക്കുവാന് കഴിയുമല്ലോ. പരംപിതാ പരമാത്മാവും പരം ആത്മാവാണ് പരംധാമില് വസിക്കുന്നവനാണ്. ബാബ പറയുന്നു ,ബാബയില് മുഴുവന് ജ്ഞാനവും ഉണ്ട് ബാബ മനുഷ്യ സൃഷ്ടിയുടെ ബീജരൂപം ചൈതന്യമാണ്, ആ ബീജം ജഡമാണ്,ശിവന് ചൈതന്യമാണ്.ആ ബാബയുടെ പ്രതിമ പൂജിക്കപ്പെടുന്നു.

ഇന്നത്തെ കാലത്ത് ഗവണ്മെന്റും വൃക്ഷ തൈ നടുന്നു. ഇത് ചൈതന്യ ബീജം, മനുഷ്യ സൃഷ്ടിയാകുന്ന വൃക്ഷത്തിന്റെ ബീജം പറയുന്നു-എന്നില് മുഴുവന് വൃക്ഷത്തിന്റേയും ജ്ഞാനം ഉണ്ട്. അതിനാല് ആരെങ്കിലും പറയുന്നു 100% റെസ്റ്റിലാണ് എങ്കില്, അപ്പോള് മനസ്സിലാക്കി കൊടുക്കണം അതായത് 100% റെസ്റ്റ് ഒരിക്കലും ലഭിക്കില്ല. അതെ, ഇങ്ങനെ പറയും സ്വര്ഗ്ഗത്തില് 100% പവിത്രത, സുഖം ,ശാന്തി ഉണ്ടായിരുന്നു. പേര് തന്നെ സ്വര്ഗ്ഗം. ബാബയെ പറയുന്നു സത് ശ്രീ അകാല് .സത്യം പറയുന്നവന്. ബാബയെ ഒരിക്കലും കാലന് വിഴുങ്ങുന്നില്ല. ബാബയെ പറയുന്നത് കാലന്റേയും കാലന്. ബാബ പറയുന്നു ഇത് വളരെ മോശമായ ലോകമാണ്. ഈ വൈക്കോല് കൂനക്ക് തീര്ച്ചയായും തീ പിടിക്കും. നിങ്ങള് കുട്ടികള് അറിയുന്നുണ്ട് ഈ മഹാഭാരത യുദ്ധം മഹാമംഗളകാരിയാണ്. മനുഷ്യര് യജ്ഞം നടത്തുന്നത് ശാന്തിയ്ക്കു വേണ്ടിയാണ്,അതായത് മനസ്സിലാക്കുന്നു സ്വര്ഗ്ഗത്തിന്റെ വാതില് തുറക്കരുത്. വൈക്കോല് കൂനക്ക് തീപിടിക്കുന്നതിലൂടെ നമ്മള് പുതിയ ലോകം വൈകുണ്ഠത്തിലേയ്ക്ക് പോകും, അതിനാല് നിങ്ങള് കൈകൊട്ടുന്നു. ഈ രുദ്രജ്ഞാനയജ്ഞത്തിലൂടെയാണ് വിനാശ ജ്വാല പ്രജ്ജ്വലിതമായത്. ആരാണോ ബാബയുടേതാകുന്നത് അവര് സ്വര്ഗ്ഗത്തിന്റെ അധികാരിയാകും. ബാക്കി

എല്ലാവര്ക്കും കര്മ്മ-കണക്കുകള് അവസാനിപ്പിച്ച് തിരിച്ചു പോകണം. നിങ്ങള് അറിയുന്നു ഇപ്പോള് നമ്മള്ക്ക് തിരിച്ച് മുക്തി ധാമില് പോയിട്ട് പിന്നീട് തന്റെ പാര്ട്ട് ആവര്ത്തിക്കണം. സത്യയുഗത്തില് ഇത്രയും ദേവീ-ദേവതമാര് എവിടെ നിന്നു വന്നു? യാതൊരു യുദ്ധവും ഉണ്ടാകാതെ മനുഷ്യനില് നിന്നും ദേവതയായി. നിങ്ങളെ കക്കയില് നിന്ന് വജ്ജ്രം ,പതിതത്തില് നിന്ന് പാവനമാക്കുന്നു.ആര് എത്ര ജ്ഞാനം ധാരണ ചെയ്യുന്നു അത്രയും പദവി നേടും. രാജധാനി സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. ശ്രീമത്തിലൂടെ നമ്മള് നമുക്ക് വേണ്ടി സ്വര്ഗ്ഗം സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. ഒരുപക്ഷേ ആരെങ്കിലും ശ്രീമത്തിനോട് പിണങ്ങി തന്റെ വഴിയേ നടക്കുന്നുവെങ്കില് അത് രാവണന്റെ വഴിയാകും, അതിനാല് ഓരോ ചുവടിലും ശ്രീമത്തിലൂടെ നടക്കൂ. ബാബ, ജീവിച്ചിരിക്കേ നിങ്ങളെ ട്രസ്റ്റിയാക്കുന്നു. ശരി.

വളരെക്കാലത്തെ വേര്പാടിനുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങള്ക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലര്കാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികള്ക്ക് നമസ്കാരം.

ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) സമ്പൂര്ണ്ണ ദാനിയാകണം.സത്യതയോടെ എല്ലാം ബാബയ്ക്ക് അര്പ്പണം ചെയ്ത് പുതിയ ലോകത്തിലേയ്ക്ക് ട്രാന്സ്ഫര് ചെയ്യണം.

2) ജീവിച്ചിരിക്കേ ട്രസ്റ്റിയാകണം. ഓരോ ചുവടിലും ബാബയുടെ ശ്രീമത് എടുക്കണം. ഒരിക്കലും ശ്രീമത്തിനോട് പിണങ്ങി മന്മത്തനുസരിച്ച് നടക്കരുത്.

വരദാനം :- കമ്പൈന്റ് രൂപധാരിയായി മാറി സേവനത്തില് ഈശ്വരീയ ജാലവിദ്യയുടെ അനുഭവം ചെയ്യുന്ന ഈശ്വരീയ സേവാധാരികളായി ഭവിക്കട്ടെ.

സ്വയത്തെ വെറും സേവാധാരിയെന്നല്ല, മറിച്ച് ഈശ്വരീയ സേവാധാരിയെന്ന് മനസ്സിലാക്കി സേവനം ചെയ്യൂ. ഈ സ്മൃതിയിലൂടെ ഓര്മ്മയും സേവനവും സ്വാഭാവികമായും കമ്പൈന്റ് ആയിരിക്കും. എപ്പോള് ഈശ്വരനെ സേവനത്തില് നിന്ന് വേറിട്ട് നിര്ത്തുന്നുവോ, ഒറ്റക്കാവുന്നത് കാരണം സഫലതയുടെ ലക്ഷ്യം ദൂരെയായി കാണപ്പെടും. അതിനാല് കേവലം സേവാധാരികളല്ല മറിച്ച് ഈശ്വരീയ സേവാധാരികളാണ് - ഈ നാമം സദാ ഓര്മ്മയിലിരുന്നാല് സേവനത്തില് സ്വതവേ ഈശ്വരീയ ഇന്ദ്രജാലം നിറഞ്ഞിരിക്കും, മാത്രമല്ല അസംഭവ്യവും സംഭവ്യമായി മാറും.

സ്ലോഗന് :- കര്മ്മയോഗിയാകണമെങ്കില് കമലാസനധാരി( സ്നേഹിയും നിര്മ്മോഹിയും) ആകൂ.